# ACHARYA

An influential mentor

## WEEKLY EDITORIAL ANALYSIS – THE HINDU

21/2/22 - 26/2/22

www.acharyainfo.com

## 'No slacking', 21-2-22

ആന്റി-മൈക്രോബയൽ റെസിസ്റ്റൻസിനെതിരെ കർമ്മപദ്ധതികൾ രൂപീകരിക്കാൻ തടസ്സമായിരുന്നത് കൃത്യമായ വിവരങ്ങളുടെ അഭാവമായിരുന്നെങ്കിൽ ആ ഒഴിവുകഴിവ് ഇനി പറയാനാകില്ല. 'ദി ലാൻസെറ്' പുറത്തിറക്കിയ റിപ്പോർട്ട് പ്രകാരം 2019 ൽ മാത്രം 4.95 മില്യൺ മരണങ്ങൾ ആന്റി-മൈക്രോബയൽ റെസിസ്റ്റൻസുമായി ബന്ധപ്പെട്ടതാണ്. ആന്റി-മൈക്രോബയൽ റെസിസ്റ്റൻസിന് കാരണമാകുന്ന രോഗാണുവിനെ അവർ തിരിച്ചറിയുകയും ചെയ്തിട്ടുണ്ട്. ഒരു രോഗത്തിന് സാധാരണയായി ഉപയോഗിക്കുന്ന ആന്റി-ബയോട്ടിക്ക് ശരീരത്തിൽ ഫലിക്കാതെ വരുന്ന സാഹചര്യമാണ് ആന്റി-മൈക്രോബയൽ റെസിസ്റ്റൻസ് എന്നത്. തുടർച്ചയായി ആന്റി-ബയോട്ടിക്കുകൾ ഉപയോഗിക്കുന്നതും തെറ്റായ രീതിയിൽ ആന്റി-ബയോട്ടിക്കുകൾ ഉപയോഗിക്കുന്നതും ആന്റി-മൈക്രോബിയൽസ് പാടങ്ങളിലും മൃഗവളർത്തുകേന്ദ്രങ്ങളിലും ഉപയോഗിക്കുന്നതും പുതിയ ആന്റി-ബയോട്ടിക്കുകളുടെയും വാക്സിനുകളുടെയും അഭാവവും എല്ലാം ആണ് ആന്റി-മൈക്രോബയൽ റെസിസ്റ്റൻസിലേക്ക് നയിക്കുന്നത്.

2017 ൽ ഇന്ത്യ സ്വന്തമായി എ.എം.ആർ കർമ്മപദ്ധതി ആവിഷ്കരിച്ചിരുന്നു. 2019 ൽ കേരളവും മധ്യപ്രദേശും സ്വന്തം നിലക്ക് പദ്ധതി ആവിഷ്ക്കരിച്ചു. 11 സംസ്ഥാനങ്ങൾ പദ്ധതികൾ ആവിഷ്കരിച്ചു വരികയാണ്. മൃഗാവളർത്തുകേന്ദ്രങ്ങളിലും മറ്റും കോളിസ്റ്റിന്റെ ഉപയോഗം നിരോധിച്ചത് ആന്റി-മൈക്രോബയൽ റെസിസ്റ്റൻസിനെതിരെയുള്ള ശക്തമായ നടപടിയായി കാണാം.

ACHARYA An influential mentor

ഇത്തരത്തിലുള്ള വസ്തുക്കളുടെ നിരോധനത്തിനൊപ്പം ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനാവശ്യമായ നടപടികളും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമ്പോഴേ ആന്റി-മൈക്രോബയൽ റെസിസ്റ്റൻസിനെ ഫലപ്രദമായ രീതിയിൽ തടയാനാകുകയുള്ളൂ.

## 'Russian recognition', 23-2-22

യുക്രൈനിലെ ഡോൺബാസ് മറ്റും സ്വതന്ത്ര രാജ്യമായി അംഗീകരിച്ചുകൊണ്ടുള്ള റഷ്യയുടെ പ്രഖ്യാപനം പ്രശ്നം കൂടുതൽ വഷളാക്കിയിരിക്കുകിയയാണ്. മേഖലയിലേക്ക് സമാധാന സേനയെ അയക്കുമെന്നും റഷ്യ പ്രഖ്യാപിച്ചിരിക്കുകയാണ്. എന്നാൽ 'നാറ്റോ' മുന്നറിയിപ്പ് നല്കിയതുപോലെ കടന്നുകയറ്റം അല്ല എന്നും യുക്രൈനിലെ കിഴക്കൻ മേഖലയിലെ സമാധാനപുനഃസ്ഥാപനത്തിനായാണ് സേനയെ അയക്കുന്നത് എന്നുമാണ് റഷ്യ പറയുന്നത്.

എന്തായാലും റഷ്യ വർഷങ്ങളായി ആവശ്യപ്പെടുന്ന ഒന്നാണ് മേഖലയിൽ വർദ്ധിച്ചു വരുന്ന 'നാറ്റോ'യുടെ സാന്നിധ്യം ഉണ്ടാക്കുന്ന സുരക്ഷാഭീഷണി പരിഹരിക്കണം എന്നത്. 'നാറ്റോ'യെ ചർച്ചക്ക് എത്തിക്കാതെ മേഖലയിലെ ഇപ്പോഴത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ല എന്ന സ്ഥിതിയിലേക്ക് തന്നെയാണ് കാര്യങ്ങൾ നീങ്ങുന്നത്. ഇപ്പോൾ പന്ത് 'നാറ്റോ'യുടെ കൈവശമാണ്.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം വളരെ നിർണ്ണായകമായ സമയത്തതാണ് റഷ്യ-യുക്രൈൻ പ്രശ്നങ്ങൾ ഉണ്ടാകുന്നത്. ഇൻഡോ-പസഫിക് മേഖലയിലേക്ക് അമേരിക്കയുടെയും യൂറോപ്യൻ യൂണിയന്റെയും ശ്രദ്ധ കൊണ്ടുവരാനുള്ള ശ്രമങ്ങളിലാണ് ഇന്ത്യ ഇപ്പോൾ. പക്ഷെ അമേരിക്കയുടെയും യൂറോപ്യൻ യൂണിയന്റെയും ശ്രദ്ധ റഷ്യ-യുക്രൈൻ വിഷയത്തിലേക്ക് ഇപ്പോൾ തിരിഞ്ഞിരിക്കുകയാണ്.

എസ്-400 മിസൈൽ സംവിധാനം ഇന്ത്യക്ക് റഷ്യ നൽകിക്കൊണ്ടിരിക്കുന്ന സമയമാണിത്. ഇതിനെയും റഷ്യ-യുക്രൈൻ പ്രശ്നങ്ങൾ ബാധിച്ചേക്കാം.

## 'Turning to trade wind' 24-2-22

ഈയിടെ ഇന്ത്യ യുണൈറ്റഡ് അറബ് എമിറേറ്റ്സ്മായി 'കോംപ്രഹെൻസീവ് ഇക്കണോമിക് പാർട്ണർഷിപ്പ് കരാർ' ഒപ്പുവെക്കുകയുണ്ടായി. നിലവിലെ വ്യാപാരപങ്കാളികളുമായുള്ള വ്യാപാരബന്ധം ഇന്ത്യ കൂടുതൽ ശക്തമാക്കാൻ ഉദ്ദേശിക്കുന്നു എന്ന് ഇതിൽ നിന്നും മനസിലാക്കാം. കയറ്റുമതിയിൽ ഉണ്ടാകുന്ന വർദ്ധനവും സാമ്പത്തിക പുരോഗതിയും ഇന്ത്യ ഇതിലൂടെ ലക്ഷ്യം വെക്കുന്നു.

'ആത്മനിർബർ ഭാരത്' പോലുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടും കോവിഡ് മഹാമാരിയുടെ ഫലമായി രാജ്യത്തിൻറെ ആഭ്യന്തര തലത്തിലുള്ള ആവശ്യകതയിലും വലിയ കുറവ് രേഖപ്പെടുത്തുകയുണ്ടായിരുന്നു. ഇത് രാജ്യത്തിൻറെ മൊത്തം ഉല്പാദനത്തെയും ബാധിച്ചു. എന്നാൽ ഇപ്പോൾ കയറ്റുമതി വളർച്ച കൈവരിക്കുന്ന സാഹചര്യമാണുള്ളത്. ഈ സാഹചര്യത്തിലാണ് ഇന്ത്യ ഓരോരോ രാജ്യങ്ങളുമായുള്ള തങ്ങളുടെ വ്യാപാരബന്ധങ്ങൾ കൂടുതൽ ശക്തമാക്കാൻ തുടങ്ങുന്നത്. മൾട്ടീലാറ്ററൽ-കരാറുകളെക്കാൾ ഇന്ത്യ ഇപ്പോൾ മുൻഗണന നൽകുന്നത് ഓരോരോ രാജ്യങ്ങളുമായി പ്രത്യേകമായി ഉണ്ടാക്കുന്ന കരാറുകൾക്കാണ്.

യു.എ.ഇ നിലവിൽ ഇന്ത്യയുടെ ഏറ്റവും വലിയ മൂന്നാമത്തെ വ്യാപാരപങ്കാളിയാണ്. 2019-20 ൽ 59 ബില്യൺ അമേരിക്കൻ ഡോളറിന്റെ വ്യാപാരമാണ് ഇരുരാജ്യങ്ങളും തമ്മിൽ ഉണ്ടായത്. ഈ കാലയളവിൽ യു.എ.ഇ ഇന്ത്യക്ക് 10.9 ബില്യൺ അമേരിക്കൻ ഡോളറിന്റെ വിലമതിക്കുന്ന അസംസ്കൃത എണ്ണയാണ് വിതരണം ചെയ്തത്. പുതിയ കരാർ പ്രകാരം വരുന്ന അഞ്ചു വർഷംകൊണ്ട് 100 ബില്യൺ അമേരിക്കൻ ഡോളറിന്റെ സേവന-ഇതര വ്യാപാരം സാധ്യമാക്കാൻ ഇരു രാജ്യങ്ങളും ലക്ഷ്യം വെക്കുന്നു.

## Russia's NATO problem

യുക്രൈനിലേക്കുള്ള റഷ്യയുടെ അധിനിവേശം ഇരു രാജ്യങ്ങളുമായി അതിർത്തി പങ്കുവെക്കുന്ന രാജ്യങ്ങളിൽ മാത്രമല്ല ആഗോള തലത്തിലും പ്രത്യേകിച്ച് 'നാറ്റോ' അംഗരാജ്യങ്ങൾക്കും റഷ്യയുമായും യുക്രൈനുമായും ശക്തമായ ബന്ധമുള്ള രാജ്യങ്ങൾക്കും വലിയ ആശങ്ക സൃഷ്ടിക്കുകയാണ്. യുദ്ധം നിർത്തിവെക്കുന്നതുമായി ബന്ധപ്പെട്ട ഐക്യരാഷ്ട്ര സഭ പ്രത്യേക സമ്മേളനം വിളിച്ചിട്ടും അമേരിക്കയും 'നാറ്റോ'യും യൂറോപ്യൻ യൂണിയനും വലിയ രീതിയിൽ ഉപരോധങ്ങൾ പ്രഖ്യാപിച്ചിട്ടും റഷ്യ യുദ്ധം തുടരുകയാണ്. യുക്രൈന്റെ വിഷയത്തിൽ റഷ്യക്കുള്ള സുരക്ഷാ പ്രശ്നം നയതന്ത്രപരമായി പരിഹരിക്കുന്നതിൽ ഇപ്പോൾ റഷ്യക്ക് താല്പര്യമില്ല.

ACHARYA
An influential mentor

റഷ്യക്കെതിരെയുള്ള പ്രസ്താവനകളും ഉപരോധങ്ങളും ശക്തമാകുന്ന സാഹചര്യം ഉണ്ടാകുമ്പോഴും 'നാറ്റോ'യെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള റഷ്യയുടെ സുരക്ഷാ പ്രശ്നം പരിഹരിക്കപ്പെടാതെ സംഘർഷം അവസാനിക്കാനിടയില്ല. യുക്രൈൻ 'നാറ്റോ'യിൽ അംഗത്വമെടുക്കാനും അതുവഴി 'നാറ്റോ' സൈനികർ തങ്ങളുടെ അതിർത്തിയിൽ വരെ എത്തിനിൽക്കുന്ന സാഹചര്യവും മുന്നിൽക്കാണുന്നതാണ് റഷ്യയുടെ നിലവിലെ പ്രധാന ആശങ്ക. രൂപംകൊണ്ട കാലം മുതൽ 'നാറ്റോ' അംഗബലം കൂട്ടിക്കൊണ്ടിരിക്കുന്നുണ്ട് എന്ന ചരിത്രം റഷ്യയുടെ ഭയത്തെ സാധൂകരിക്കുന്നു.